**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **29-09-2025 - ൽ മറുപടിയ്ക്ക്**

**നെൽക്കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽക്കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. നെല്ല് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ട്. നെല്ല് സംഭരണ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കുവാനും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുവാനും ഡോ. വി.കെ. ബേബി, IAS (Rtd) അധ്യക്ഷനായി ഒരു പഠന കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി സമർപ്പിച്ച പഠന റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധനയിലുമാണ്.** |
| (ബി) | വായ്പയെടുത്ത് ഉല്പാദിപ്പിക്കുന്ന നെല്ല്, സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതുമൂലം കർഷകർക്കുണ്ടാകുന്നതായി പറയപ്പെടുന്ന ഗുരുതര സാമ്പത്തികപ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | **ഉണ്ട്. നെല്ല് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ട്. നെല്ല് സംഭരണ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ മനസ്സിലാക്കുവാനും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുവാനും ഡോ. വി.കെ. ബേബി, IAS (Rtd) അധ്യക്ഷനായി ഒരു പഠന കമ്മിറ്റി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി സമർപ്പിച്ച പഠന റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധനയിലുമാണ്.** |
| (സി) | സർക്കാർ നെൽക്കർഷകരെ അവഗണിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഇല്ല. കേരളത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുവാനും നെൽക്കർഷകരെ സംരക്ഷിക്കുവാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള വിവേചനത്തെ തുടർന്നുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ 269.41555 കോടി രൂപയുടെ ആനുകൂല്യങ്ങളാണ്<br><br>നെൽകർഷകർക്കായി വിതരണം ചെയ്തിട്ടുള്ളത്. നെൽകൃഷി വികസനത്തിനായുള്ള ബഡ്ജറ്റ് വിഹിതം 2025-26 സാമ്പത്തിക വർഷം 150 കോടി രൂപയായി സർക്കാർ ഉയർത്തിയിട്ടുമുണ്ട്. നെൽകർഷകർ |

| | | | |
|---|---|---|---|
| | | | നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള വിവിധ നടപടികൾ ***അനുബന്ധം*** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ഗുണമേന്മയുള്ള വിത്തും മറ്റു നടീൽ ഉപാധികളും നൽകിയും ഉയർന്ന ഇൻഷുറൻസ് പരിരക്ഷ നൽകിയും തരിശുനിലകൃഷി പ്രോത്സാഹിപ്പിച്ചും നെൽവയലുകൾ തരംമാറ്റുന്നത് തടഞ്ഞും വയൽ നിലനിർത്തുന്ന കർഷകന് പ്രോത്സാഹന ബോണസ് നൽകിയും നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2665.92 ഹെക്ടർ തരിശു ഭൂമിയിൽ പുതിയതായി നെൽകൃഷി സാദ്ധ്യമായിട്ടുണ്ട്. ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കി പരമാവധി ഉത്പാദനം ഉറപ്പാക്കുവാനുള്ള പ്രവർത്തനങ്ങളിൽ കൃഷി വകുപ്പ് ഏർപ്പെട്ടിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന കൂടുതൽ വിത്തിനങ്ങളും കൂടുതൽ ഹ്രസ്വകാല വിത്തിനങ്ങളും കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചുവരുന്നു. ഇവ കർഷകർക്ക് ലഭ്യമാക്കുന്നതോടെ കാലാവസ്ഥാ വ്യതിയാനത്തെ ഒരു പരിധിവരെ നേരിടുവാൻ സാദ്ധ്യമാകും.

വിവിധ കേന്ദ്രാവിഷ്കൃത, സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ജലസേചനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൊയ്ത്ത് യന്ത്രങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെല്ല് സംഭരണം കാര്യക്ഷമമാക്കി കർഷകർ സപ്ലൈകോയ്ക്ക് നൽകിയ നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭ്യമാക്കിയും നെൽക്കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സർക്കാർ നിരവധിയായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെയും നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ കൂലിച്ചെലവ്, ഉൽപ്പാദനോപാധികൾ നൽകുന്നതുൾപ്പെടെയുള്ള വിവിധ നെൽകൃഷി പ്രോത്സാഹന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ കാർഷിക മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനും കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായ കൃഷിരീതി അവലംബിച്ചു കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് നടപ്പാക്കുന്ന ***കേര*** (കേരളാ ക്ലൈമറ്റ് റെസിലിയന്റ് അഗ്രി-വാല്യൂ ചെയിൻ) ***പദ്ധതി***യിൻ കീഴിലും നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ പദ്ധതിയുണ്ട്. പദ്ധതി തുകയിൽ നിന്ന് 500 കോടി രൂപ മുതൽ മുടക്കിയാണ് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നത്. ഇക്കാര്യത്തിൽ അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ സഹായവും ഉറപ്പാക്കിയിട്ടുണ്ട്.

രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിന്

താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ് കൂടി നൽകിയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാർ നെല്ലിന് നൽകുന്ന താങ്ങുവില ക്വിന്റലിന് 2300/- രൂപയാണ്. സംസ്ഥാനത്തെ നെല്ലിന്റെ ഉയർന്ന ഉത്പാദനച്ചെലവും, ഉത്പാദനോപാധികളുടെ കൂടിയ വിലയും കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന ഈ താങ്ങുവില സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. ഏകീകൃത താങ്ങുവിലക്ക പകരം സംസ്ഥാനങ്ങളുടെ ഉത്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനാധിഷ്ഠിതമായി താങ്ങുവില നിശ്ചയിക്കണമെന്നും താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഉല്പാദനചെലവ് കണക്കാക്കി കിലോയ്ക്ക് 40 രൂപയായി നെല്ലിന്റെ താങ്ങുവില ഉയർത്തണമെന്നാണ് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

എം.എസ്.പി.യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 28 രൂപ 32 പൈസ സംഭരണ വിലയിലാണ് സംഭരിക്കുന്നത്. നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന് ശേഷം മാത്രമാണ് കർഷകർക്ക് നൽകിയ തുക കേന്ദ്രം സംസ്ഥാന സർക്കാരിന് നൽകുന്നത്. ഇതിന് മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നുണ്ട്. കർഷകരിൽ നിന്ന് നെല്ല് അളന്നെടുത്തതിനു ശേഷം ഉണ്ടാകുന്ന ഈ കാലതാമസം ഒഴിവാക്കാൻ വേണ്ടിയാണ് ബാങ്കുകളുടെ സഹായത്തോടെയും സപ്ലൈകോ ഗ്യാരണ്ടി നിന്നും കർഷകർക്ക് ബാധ്യതയുണ്ടാകാതെ **പലിശ വിഹിതം** കേരള സർക്കാർ നൽകിയും പി.ആർ.എസ് വായ്പ ലഭ്യമാക്കുന്നത്. കേന്ദ്ര കേരള സർക്കാർ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധമാണ് PRS വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**